# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിളക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM/P9/1887/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 21/11/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളക്കുടി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P9/1887/2023 തീയ്യതി: 21/11/2023

## കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 20-10-2023 | 31-10-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-10-2023 | 31-10-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രദീപ്കുമാർ. പി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീ. അനീഷ്. വി. എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. രാകേഷ്. എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ശ്രീകുമാർ. എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി അദബിയ നാസറുദ്ദീൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. കെ. സജിജോൺ | സെക്രട്ടറി | 01-04-2022 | 01-10-2022 |
| ശ്രീ.ശശികുമാർ കെ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-10-2022 | 05-10-2022 |
| ശ്രീ.ശിവപ്രസാദ്.എസ് | സെക്രട്ടറി | 06-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീമതി വനജ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 23-04-2022 |
| ശ്രീ.ശശികുമാർ കെ | അസിസ്റ്റന്റ് സെക്രട്ടറി | 23-04-2022 | 23-11-2022 |
| ശ്രീ.ഗണപതി.എസ്. | അസിസ്റ്റന്റ് സെക്രട്ടറി | 23-11-2022 | 31-03-2023 |
| ശ്രീ.അരുൺ സേവ്യർ | അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്) | 01-04-2022 | 29-09-2022 |
| ശ്രീമതി.സരിത.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്) | 30-09-2022 | 05-10-2022 |
| ശ്രീമതി.ശാലിനി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ(മരാമത്ത്) | 06-10-2022 | 31-03-2023 |
| ശ്രീമതി അഞ്ജു ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2022 | 18-07-2022 |
| ശ്രീമതി.ധന്യ.എം.എസ് | കൃഷി ഓഫീസർ | 19-07-2022 | 31-03-2023 |
| ഡോ. ബിന്നി സാമുവൽ | വെറ്റിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി നിത്യ.എസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2022 | 31-03-2023 |
| ഡോ. കൃപാ.കെ.മൂർത്തി | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി. | 01-04-2022 | 31-03-2023 |
| ശ്രീമതി ഗ്രീഷ്മ. ജി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീ. രാജുമോൻ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജയശ്രീ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 30-08-2022 |
| ശ്രീമതി.അഷിയോ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 31-08-2022 | 05-01-2023 |
| ശ്രീമതി ജയശ്രീ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 06-01-2023 | 31-03-2023 |
| ശ്രീമതി.പാർവ്വതി രാജീവ് | അസിസ്റ്റന്റ് എഞ്ചിനീയർ(NREGS) | 01-04-2022 | 31-03-2023 |
| ശ്രീ.ജിജി ഗോപാൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ1 | 01-04-2022 | 31-03-2023 |
| ശ്രീ.അർജ്ജുൻ.ആർ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 01-04-2022 | 18-04-2022 |
| ശ്രീ.സരിൻ.ഒ.എസ്. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ2 | 19-11-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല | 1-1-01 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-02 |
| 4 | ശുചിത്വ മിഷൻ ഗ്രാന്റ് ശീർഷകത്തിൽ 19,47,815/- രൂപയുടെ ചെലവ്, ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല | 1-1-03 |
| 5 | B-4, ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന 41,36,478/- രൂപ ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യകതമല്ല | 1-1-04 |
| 6 | 03/2023 ലെ റീക്കൺസിലിയേഷൻ തയ്യാറാക്കിയതിൽ അപാകത | 1-1-05 |
| 7 | ഗുണഭോക്തൃ വിഹിതം 320800101 ശീർഷകത്തിൽ 2,40,000/- രൂപയുടെ ചെലവ് ഉൾപ്പെടുത്തിയില്ല | 1-1-06 |
| 8 | ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 1-1-07 |
| 9 | ഗ്രാന്റ് തുക ഇനത്തിൽ റിഫണ്ട് വന്ന 1,98,500/- രൂപ തനത് ഫണ്ടിലേക്ക് വകയിരുത്തി | 1-1-08 |
| 10 | ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പിൽ 67,730/- രൂപ കുറവ് | 1-1-09 |
| 11 | ട്രഷറിയിൽ നിന്നും പണമാക്കിയിട്ടില്ലാത്ത തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ് പ്രകാരം) | 1-3 |
| 14 | ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | തൊഴിലുറപ്പ് പദ്ധതി | 1-06 |
| 17 | ക്ഷേമ പദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | തൊഴിൽനികുതി - തുക അടവാക്കിയിട്ടും റെയിൽവേയ്ക്ക് എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു | 1-11 |
| 22 | വിസ്തീർണ്ണം കുറച്ച് വസ്തു നികുതി നിർണ്ണയിച്ചു | 1-12 |
| 23 | പ്രാഥമിക മേഖലിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു | 1-13 |
| 24 | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20% നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. | 1-14 |
| 25 | വസ്തു നികുതി - ചെക്ക് മടങ്ങിയതിനാൽ വരവ് വന്നില്ല | 1-15 |
| 26 | ലൈസൻസ് പിരിവിലെ അപാകതകൾ | 1-16 |
| 27 | മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല | 1-17 |

| | | |
|---|---|---|
| 28 | അനധികൃതമായി കെട്ടിടം നിർമ്മിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമൂലം നികുതി നഷ്ടം | 1-18 |
| 29 | തനത് വരുമാനം-അവലോകനം | 1-19 |
| 30 | ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം - പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല. | 1-20 |
| 31 | Unclaimed Deposit ഇനത്തിൽ ബാങ്ക് പിൻവലിച്ച 68,015/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചില്ല | 1-21 |
| 32 | 26,086/- രൂപ ആദായ നികുതി സ്രോതസ്സിൽ കുറവ് ചെയ്തത് ഒടുക്കിയില്ല | 1-22 |
| 33 | - 5,421/- രൂപ ജി.എസ്.ടി - ടിഡിഎസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ അനുവദിച്ചു | 1-23 |
| 34 | ആസൂത്രണ പിഴവ് - പാതിവഴിയിൽ നിർത്തിയ ഭൂസംരക്ഷണഭിത്തി നിർമ്മാണം ക്രിമറ്റോറിയം നിർമ്മാണത്തിന് തടസ്സമാകുന്നു: 18,00,901/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-24 |
| 35 | ഹരിതകർമസേന - പ്രവർത്തന അവലോകനം | 1-25 |
| 36 | ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി ചെലവഴിച്ച തുകകയ്ക്ക് പൂർണ്ണമായും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-26 |
| 37 | സപ്ലൈകോ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കണക്കാക്കിയതിൽ അവ്യക്തത | 1-27 |
| 38 | ഗ്രാന്റ് തുക ഇനത്തിൽ റീഫണ്ട് വന്ന 1,98,500/- രൂപ തനത് ഫണ്ടിലേക്ക് വകയിരുത്തി | 1-28 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൌണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 31-03-2023 ൽ അവസാനിച്ച സാമ്പത്തികവർഷത്തെ റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും വിളക്കുടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.07.2023 ലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 27/07/2023-ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്ന തരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവ്വഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും ഉപയോഗിച്ചിരിക്കുന്ന അക്കൌണ്ടിംഗ് തത്വങ്ങളുടേയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടേയും വിലയിരുത്തലും അക്കൌണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവ്വഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൌണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം
അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടു കൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യപത്രികകൾ സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-01 വാർഷിക ധനകാര്യ പത്രികയോടൊപ്പം അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിട്ടില്ല

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ

### 1-1-02 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ് . ഇൻവെസ്റ്റിങ് , ഫിനാൻസ്ങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = (-)30,77,715/- രൂപ

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40a-40b) = 88,39,338/- രൂപ

വ്യത്യാസം = 1,19,17,053/- രൂപ

### 1-1-03 ശുചിത്വ മിഷൻ ഗ്രാന്റ് ശീർഷകത്തിൽ 19,47,815/- രൂപയുടെ ചെലവ്, ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്തില്ല

ശുചിത്വ മിഷൻ ഗ്രാന്റ്, മഴക്കാലപൂർവ്വ ശുചീകരണം ചെലവ്, സ്വച്ച് ഭാരത് മിഷൻ എന്നിവയ്ക്കായി തനത് ഫണ്ട് ബാങ്ക് അക്കൗണ്ട്, സെൻട്രൽ ബാങ്ക് അക്കൗണ്ട് നം 211791675, IDBI PFMS അക്കൗണ്ട് എന്നിവയിൽ നിന്നും നടത്തുന്ന ചെലവുകൾ ശുചിത്വ മിഷൻ ഗ്രാന്റ് ശീർഷകം (320100198) ന്റെ ബാദ്ധ്യത ശീർഷകത്തിലാണ് ഡെബിറ്റ് ചെയ്യേണ്ടത്. എന്നാൽ 1947815 രൂപയുടെ ചെലവ് ബാദ്ധ്യത ശീർഷകത്തിൽ ഡെബിറ്റ് ചെയ്യാത്തതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ചെക്ക് നം. | തീയതി | തുക (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| 31/2022-23<br>ക്രിമിറ്റോറിയം നിർമ്മാണം | 17989 | 31/08/2022 | 26,086 |
| | Return | | (-)26,086 |
| | 17990 | 31/08/2022 | 13,043 |
| | 17991 | 31/08/2022 | 26,086 |
| | 17988 | 31/08/2022 | 17,35,686 |
| 58/2022-23<br>ഒ. ഡി. എഫ് | PFMS | 16/07/2022 | 1,08,000 |
| | | 10/08/2022 | 48,000 |
| | | 28/12/2022 | 1,44,000 |
| | 17993 | 28/03/2023 | 36,000 |
| 233/2022-23<br>സ്മാർട്ട് ഗാർബേജ് | 17992 | 28/03/2023 | 92,947 |
| മഴക്കാലപൂർവ ശുചീകരണം | 6826397 | 13/06/2022 | 2,00,000 |
| ആകെ ബാദ്ധ്യത ശീർഷകത്തിൽ നിന്നും ഡെബിറ്റ് ചെയ്യേണ്ട ചെലവ് തുക | | | 24,03,762 |
| 31/03/2023 ലെ ജേണൽ വൗച്ചർ നം. 42201577 പ്രകാരം ഡെബിറ്റ് ചെയ്ത ചെലവ് തുക | | | 4,28,947 |
| വ്യത്യാസം | | | 19,47,815 |

## 1-1-04 B-4, ഷെഡ്യൂളിൽ വിവിധ ബാദ്ധ്യത ശീർഷകങ്ങളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന 41,36,478/- രൂപ ഏതെല്ലാം പദ്ധതികൾക്കുള്ളതാണെന്ന് വ്യക്തമല്ല

| അക്കൗണ്ട് ശീർഷകം | B-4 ഷെഡ്യൂളിൽ നീക്കിയിരുപ്പായി അവശേഷിക്കുന്ന തുക (രൂപ) | അപാകത |
|---|---|---|
| 320700103 | 5,00,000 | നീക്കിയിരുപ്പ് തുകയുടെ ആധികാരികത വ്യക്തമല്ല<br>പ്രസ്തുത തുക ഏത് പദ്ധതികളുടെ നിർവഹണത്തിന് ലഭിച്ചതാണ് എന്ന വ്യക്തമാക്കുന്ന എ സി ആർ പരിപാലിച്ചിട്ടില്ല |
| 320700104 | 33,15,878 | |
| 320700204 | 2,99,555 | |
| 320700205 | 8,807 | |
| 320700404 | 12,238 | |
| ആകെ | 41,36,478 | |

## 1-1-05 03/2023 ലെ റീക്കൺസിലിയേഷൻ തയ്യാറാക്കിയതിൽ അപാകത

| അക്കൗണ്ട് നം. | വൗച്ചർ നം. | തീയതി | തുക (രൂപ) | അപാകത |
|---|---|---|---|---|
| ആവണീശ്വരം സർവ്വീസ് കോ-ബാങ്ക്<br>6840 | 118010500074 | 31/03/2019 | 5,088 | കെട്ടിട നം. 2/157, 2/836,2/837 എന്നിവയുടെ വസ്തു നികുതി ഇനത്തിൽ വരവ് വന്ന 7,396/- രൂപയുടെ ചെക്ക് (നം. 934587 തീയതി 31/03/2019) ബൗൺസായി. നികുതി തുക വീണ്ടും ഡിമാന്റ് ചെയ്ത് ഈടാക്കാതെ Cheque Deposited But Not Cleared ൽ ഉൾപ്പെടുത്തി |
| | 118010500076 | 31/03/2019 | 1,154 | |
| | 118010500076 | 31/03/2019 | 1,154 | |
| | 118010500054 | 23-01-2019 | 2,50,000 | വിമുക്തി ഗ്രാന്റ് ഇനത്തിൽ പുനലൂർ എകസൈസ് ഇൻസ്പെക്ടർ കാര്യാലയത്തിൽ നിന്നും ലഭിച്ച 25,000/- രൂപയുടെ ചെക്ക് (നം. JK 1932805 തീയതി 23/01/2019) ബൗൺസായി. തുക വീണ്ടും ലഭിക്കാൻ നടപടി സ്വീകരിക്കാതെ Cheque Deposited But Not Cleared ൽ ഉൾപ്പെടുത്തി |
| | 30-01-2023ലെ ചെക്ക് നമ്പർ 374614 പ്രകാരം തൊഴിൽ നികുതി ഇനത്തിൽ 22,500/- രൂപ വരവ് വന്നത് 03-3-2023ൽ ക്രെഡിറ്റ് ആയി എന്നാൽ ബാങ്ക് ബുക്കിൽ വരവ് സ്വീകരിച്ചില്ല. വിശദാംശം ഖ 1-11 ൽ | | | |

## 1-1-06 ഗുണഭോക്തൃ വിഹിതം 320800101 ശീർഷകത്തിൽ 2,40,000/- രൂപയുടെ ചെലവ് ഉൾപ്പെടുത്തിയില്ല

| പ്രോജക്റ്റ് നം | പേര് | ഗുണഭോക്തൃ വിഹിതം ഇനത്തിൽ 2022-23 ലെ ചെലവ് | |
|---|---|---|---|
| | | ചെക്ക് നം /തീയതി | തുക (രൂപ) |

| | | | |
|---|---|---|---|
| 118 | ഞങ്ങളും കൃഷിയിലേക്ക് | 15170/30-03-2023 | 42,000 |
| 106 | തെങ്ങിന് വളം | 15168/29-03-2023 | 49,400 |
| 123 | തെങ്ങിൻ തൈ | 15169/30-03-2023 | 41,250 |
| 29 | പോത്ത് കുട്ടി വളർത്തൽ | 6826396/02-06-2022 | 1,60,000 |
| 30 | പോത്ത് കുട്ടി വളർത്തൽ | 6826396/02-06-2022 | 80,000 |
| 59 | ബയോബിൻ | 17994/31-03-2023 | 41,013 |
| | | 13657/12-08-2022 | 5,880 |
| | ആകെ ചെലവ് | 0 | 4,19,543 |
| ജേണൽ വൗച്ചർ നം 42201587 തി.31-03-2023 പ്രകാരം 160102601, 320800101 എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുത്തിയ ചെലവ് | | | 1,79,543 |
| വ്യത്യാസം | | | 2,40,000 |

1-1-07 ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1. ഡെപ്പോസിറ്റ് രജിസ്റ്റർ
2. ലൈഫ് – ലോൺ /ലൈഫ് സ്റ്റേറ്റ് ഷെയർ വിതരണ രജിസ്റ്റർ

1-1-08 ഗ്രാന്റ് തുക ഇനത്തിൽ റിഫണ്ട് വന്ന 1,98,500/- രൂപ തനത് ഫണ്ടിലേക്ക് വകയിരുത്തി

വിശദാംശം ഖണ്ഡിക 1-28 ൽ

1-1-09 ബാങ്ക് പാസ്ബുക്ക് നീക്കിയിരിപ്പിൽ 67,730/- രൂപ കുറവ്

വിശദാംശം ഖണ്ഡിക 1-21

1-1-10 ട്രഷറിയിൽ നിന്നും പണമാക്കിയിട്ടില്ലാത്ത തുകകൾ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിൽ ചെലവ് രേഖപ്പെടുത്തിയിരിക്കുന്നു

| ACR Bill No & Date | Project | Allotment No | Amount |
|---|---|---|---|
| വികസന ഫണ്ട് -ജനറൽ | | | |
| | 245 – പി.എം എ വൈ വിഹിതം | 494/ 31-03-2023 | 20,000/- |
| മെയിന്റനൻസ് ഗ്രാന്റ് – റോഡ് | | | |
| 463/ 29-03-2023 | 213 - മോട്ടയിൽ നന്ദിഗ്രാം - കോൺക്രീറ്റ് | 480/29-03-2023 | 1,63,059/- |
| 464/ 29-03-2023 | 177 - പുന്നലത്ത് - ഏലാ റോഡ് കോൺക്രീറ്റ് | 481/29-03-2023 | 1,00,000/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് – ടൈഡ് | | | |
| 399/23-03-2023 | 62 - കടുവക്കുഴി അംഗൻവാടി കിണർ | 402/21-03-2023 | 7,234/- |
| 458/28-03-2023 | 59 - ബയോബിൻ | 474/28-03-2023 | 3,69,117/- |
| 472/31-03-2023 | 71 - ഡ്രേയിനേജ് നിർമ്മാണം | 489/31-03-2023 | 8,68,136/- |

1-2 ബജറ്റ്

26/3/2022 ലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 26/3/2023 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,74,95,027/- രൂപ |
| വരവ് | 6,75,94,019/- രൂപ |
| ആകെ | 9,50,89,046/- രൂപ |
| ചെലവ് | 5,87,54,681/- രൂപ |
| നീക്കിയിരിപ്പ് | 3,63,34,365/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 18,00,901/- രൂപ |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഇല്ലാത്തതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തുന്നില്ല.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 23172000-<br>(-) 1228015<br>2,19,43,985/- | 2,19,43,985/- | 2,03,92,766/- | 15,51,219- |
| വികസന ഫണ്ട്-എസ്.സി.പി | 0 | 1,03,04,015/- | 1,03,04,015/- | 51,96,509/- | 51,07,506/- |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 1,07,87,000/- | 1,07,87,000/- | 39,16,466/- | 68,70,534/- |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 88,85,000/- | 88,85,000/- | 65,21,987/- | 23,63,013/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Bank) | 27,99,360/- | 57,88,000/- | 85,87,360/- | 27,23,157/-<br>+59,365<br>(Tax To Be Released)<br>27,82,522 | 58,04,838/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Bank) (ACR പ്രകാരം) | 11,56,641/- | (38,59,000<br>+ Refund 24,000)<br>38,83,000/- | 50,39,641/- | 31,10,783<br>+ 257<br>31,11,040/- | 19,28,601/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied-Treasury (ACR പ്രകാരം) | 0 | 62,61,901/- | 62,61,901/- | 19,14,519/- | 43,47,382/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied-Treasury) (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| എസ്.എസ്.എ | 8,454/- | 338/- | 8,792/- | 0 | 8,792/- |
| സാക്ഷരത | 98,773/- | 2,872/- | 1,01,645/- | 0 | 1,01,645/- |
| ജനകീയ പാർപ്പിട പദ്ധതി | 1,66,282/- | 1,448/- | 1,67,730/- | 0 | 1,67,730/- |
| ലൈഫ് ഭവന നിർമ്മാണം | 4,20,000/- | 3,00,000/- | 7,20,000/- | 2,00,000/- | 5,20,000/- |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 12,61,200/- | 12,61,200/- | 12,61,200/- | 0 |
| ശുചിത്വ മിഷൻ മഴക്കാല പൂർവ്വ ശുചീകരണം | 0 | 2,00,000/- | 2,00,000/- | 2,00,000/- | 0 |
| ശുചിത്വ മിഷൻ | 26,17,831/- | 26,086/- | 26,43,917/- | 19,03,762/- | 7,40,155/- |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ്. | 3,671/- | 15,10,411/- | 15,14,082/- | 15,14,082/- | 0 |
| സ്വച്ച് ഭാരത് മിഷൻ (ഫേസ് 11) | 0 | 3,00,000/- | 3,00,000/- | 3,00,000/- | 0 |
| TSC | 11,40,216/- | 63,973/- | 12,04,189/- | 0 | 12,04,189/- |
| TSC | 24,000/- | 0/- | 24,000/- | 0/- | 24,000/- |
| ICDS | 11,27,025/- | 18,09,088/- | 29,36,113/- | 20,62,160/- | 8,73,953/- |
| ഹെൽത്ത് ഗ്രാന്റ് -ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 2,97,618/- | 2,97,618/- | 2,58,469/- | 39,149/- |
| ഹെൽത്ത് ഗ്രാന്റ് -സബ് സെന്റർ | 0 | 1,62,749/- | 1,62,749/- | 1,58,270/- | 4,479/- |

വാർഷിക കണക്ക് പ്രകാരം ശുചിത്വ മിഷൻ ശീർഷകത്തിലെ അപാകത ഖണ്ഡിക 1-22ൽ പ്രതിപാദിച്ചിട്ടുണ്ട്

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 220 | 13,16,02,624 | 114 | 5,70,77,156 | 50 | 56 | 43.37 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-06 തൊഴിലുറപ്പ് പദ്ധതി

| ഇനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|
| തൊഴിലാളികളുടെ കൂലി+ മെറ്റീരിയൽ | 0 | 6,18,16,000/- | 6,18,16,000/- | 6,18,16,000/- | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് Mnregs അക്കൗണ്ട് റീഇംബേഴ്സ്മെന്റ് എം.ജി.എൻ. ആർ.ഇ.ജി.എസ് | 3,671/- | 15,10,411/- | 15,14,082/- | 15,13,787+ 295(ബാങ്ക് ചാർജ്ജ്) 15,14,082/- | 0 |
| അഡ്മിനിസ്ട്രേറ്റീവ് ചെലവ് തനത് ഫണ്ടിൽ നിന്നും മുൻകൂർ | 18,72,005/- | (-) 15,13,787/- | 3,58,218/- | 19,29,724/- | 22,87,924/- |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ |
|---|---|
| കർഷകതൊഴിലാളി പെൻഷൻ | 33,10,800/- |
| വിധവാ പെൻഷൻ | 1,67,94,200/- |
| വാർദ്ധക്യകാല പെൻഷൻ | 3,09,07,800/- |
| വികലാംഗ പെൻഷൻ | 47,14,000/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 4,22,400/- |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 1,20,000/- |
| തൊഴിൽ രഹിത വേതനം | 7,920/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28-10-2023 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2,596/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ പൊതുജീവിതത്തെ സ്വാധീനിക്കുന്ന ക്ഷേമ ചുമതലകളും സാമ്പത്തിക വികസന പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നതിന് പര്യാപ്തമായ വിധത്തിൽ അടിസ്ഥാന സൗകര്യങ്ങളോടു കൂടിയ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നുണ്ട്.

നികുതി, നികുതിയേതര വരവുകൾ കൃത്യമായി നിർണ്ണയിച്ച് പിരിവ് നടത്തുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള നടപടികളും, പരിശോധനകളും ക്രമപ്രകാരം നടത്തുന്നതിന്റെ രേഖകളില്ല.പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടുകൂടി ഓഡിറ്റിന് ഹാജരാക്കിയ വാർഷിക ധനകാര്യപത്രികയിലും കാര്യമായ പൊരുത്തക്കേടുകൾ ഓഡിറ്റ് നിരീക്ഷിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ ബാധകമായ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയം പാലിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിന് ഉതകുന്ന നിയന്ത്രണ/മേൽനോട്ട സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാകേണ്ടതുണ്ടെന്ന് കാണുന്നു.

പദ്ധതി ആസൂത്രണ നിർവഹണ പ്രവർത്തനങ്ങൾ സമയബന്ധിതമായി ഫലപ്രാപ്തിയിലെത്തിക്കുന്നതിന് കൂടുതൽ ജാഗ്രത

പുലർത്തേണ്ടതാണ്. നിർവ്വഹണാധികാരികൾ പദ്ധതികൾ നടപ്പിൽവരുത്താതിരിക്കുന്നതിന്റേയും,പദ്ധതികൾ സ്പിൽഓവർ ആകുന്നതിന്റേയും കാരണം ബന്ധപ്പെട്ട കമ്മിറ്റികൾ സഗൗരവം പരിശോധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികൾക്കായുള്ള ടെന്റർ നടപടികൾ കാര്യക്ഷമമായിരുന്നില്ല എന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു.എസ്റ്റിമേറ്റ് നിരക്കിലോ അതിലും അധികനിരക്കിലോ ആണ് കൂടുതൽ കരാറുകളും നടന്നിട്ടുള്ളത്. ടെന്റർ നടപടികളിൽ മത്സര സ്വഭാവം ഇല്ലായിരുന്നു.മരാമത്ത് പ്രവൃത്തികളിൽ പദ്ധതി പണത്തിന്റെ മിതവ്യയം കണക്കിലെടുക്കുന്നുവെന്നും, ആരംഭിച്ച പദ്ധതികൾ സമയക്ലിപ്തത പാലിച്ച് പൂർത്തീകരിക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്. ശ്മശാനം നിർമ്മാണം എന്ന പദ്ധതി ആരംഭിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ഭാഗിക ഭൂസംരക്ഷണഭിത്തി നിർമ്മാണത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്നു.

കരാർ പ്രവൃത്തികൾക്ക് ചട്ടപ്രകാരം വേണ്ടിയിരുന്ന ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തുന്നതിലും വീഴ്ചയുണ്ടായി.

ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം എന്നീ പ്രവൃത്തികൾ സമയബന്ധിതമായിത്തന്നെ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

തനതു വരുമാന വർദ്ധനവിനുതകുന്ന നികുതി നികുതിയേതര വരവുകൾ ഉയർത്തുന്നതിനുള്ള പുതിയ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടതും കെട്ടിട നികുതിയുൾപ്പടെയുള്ളവയുടെ കൃത്യമായ നികുതി നിർണ്ണയവും പിരിച്ചെടുക്കലും ഉറപ്പാക്കേണ്ടതുമാണ്. ഹരിതകർമ്മ സേനാ പ്രവർത്തനങ്ങൾ, എം.ജി.എൻ.ആർ.ഇ.ജി.എസ് പ്രവർത്തനങ്ങൾ എന്നിവയിൽ ബന്ധപ്പെട്ടവരുടെ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

മേൽ പരാമർശ വിഷയങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡികകളായി ചുവടെ പരാമർശിച്ചിരിക്കുന്നു. വിഷയങ്ങളിലേക്ക് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും പഞ്ചായത്ത് ഭരണസമിതിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/5/2022-17/5/2022 | 10/21-3/22 | 17-5-2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 8/16 | 2012-13 മുതൽ 2015-16 വരെ | 28-3-2017 |

## 1-11 തൊഴിൽനികുതി - തുക അടവാക്കിയിട്ടും റെയിൽവേയ്ക്ക് എതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചു

ചെക്ക്&ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം 10/02/2023 ൽ റെയിൽവേ ജീവനക്കാരുടെ തൊഴിൽനികുതിയായ 22,500/- രൂപ 30-01-2023ലെ ചെക്ക് നമ്പർ 374614 പ്രകാരം അടവാക്കിയിട്ടുണ്ട്. എന്നാൽ 10/02/2023 ലെ ഡേ ബുക്കിലെ ബാങ്ക് കോളത്തിൽ 1220105523-ാം നമ്പർ രസീത് പ്രകാരം 1,250/- രൂപ മാത്രമാണ് റെയിൽവേ ജീവനക്കാർ ഒടുക്ക് വരുത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. 22,500/- രൂപയുടെ ചെക്ക് പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൌണ്ടുള്ള ആവണീശ്വരം സർവ്വീസ് സഹകരണ ബാങ്കിൽ കളക്ഷന് നൽകുകയും (അക്കൌണ്ട് നമ്പർ 6840) ഈ തുക 03-3-2023ൽ അക്കൌണ്ടിൽ ക്രെഡിറ്റ് ആവുകയും ചെയ്തു. 10/02/2023ൽ ചെക്ക് നമ്പർ 374614 പ്രകാരം തൊഴിൽ നികുതി പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ടെങ്കിലും തൊഴിൽ നികുതി രജിസ്റ്ററിൽ റെയിൽവേ ജീവനക്കാർ ഒന്നാം അർദ്ധവർഷത്തെ തൊഴിൽനികുതിയായ 22,500/- രൂപ 1220101966 രസീത് പ്രകാരം 16-08-2022ൽ ഒടുക്ക് വരുത്തിയത് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. രണ്ടാം അർദ്ധവർഷത്തെ തൊഴിൽനികുതി ഒടുക്ക് വരുത്തിയത് രേഖപ്പെടുത്തിയിട്ടില്ല. llgmsൽ തൊഴിൽ നികുതിയുടെ ലെഡ്ജറിൽ 1220105523 ാം നമ്പർ രസീത് പ്രകാരം 1,250/- രൂപ മാത്രമാണ് റെയിൽവേ ജീവനക്കാർ ഒടുക്ക് വരുത്തിയതായി രേഖപ്പെടുത്തിയിട്ടുള്ളത്. തൊഴിൽ നികുതി ഒടുക്ക് വരുത്തിയത് പരിഗണിക്കാതെ രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി 22,500/- രൂപ കുടിശ്ശിക വരുത്തിയതായി കാണിച്ച് ആവണീശ്വരം റെയിൽവേ സ്റ്റേഷനിലെ സ്റ്റേഷൻ മാസ്റ്റർക്ക് എതിരെ 17-04-2023 ലെ 20233/4840/02 നോട്ടീസ് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. യഥാസമയം തൊഴിൽ നികുതി ഒടുക്ക് വരുത്തിയിട്ടും ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ വീഴ്ചമൂലം റവന്യൂ റിക്കവറി നടപടികൾ നേരിടുന്ന സാഹചര്യമാണ് റെയിൽവേ ജീവനക്കാർക്കുള്ളത്. റെയിൽവേ ജീവനക്കാർ അടവാക്കിയ തൊഴിൽനികുതി ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തുകയും ഇത്തരം അപാകതകൾ അവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി- 2/14-10-2023

## 1-12 വിസ്തീർണ്ണം കുറച്ച് വസ്തു നികുതി നിർണ്ണയിച്ചു

ശ്രീമതി. രഞ്ജിത ആനന്ദ്, ആനന്ദഭവൻ, വിളക്കുടി എന്ന വ്യക്തി വിളക്കുടി വില്ലേജിൽ സർവ്വേ നമ്പർ 344/12ൽ 6.88 ആർസ് സ്ഥലത്ത് നിർമ്മിച്ച 268.77 ച. മീറ്റർ കെട്ടിടം റഗുലറൈസ് ചെയ്യുന്നതിനായി സമർപ്പിച്ച അപേക്ഷ പ്രകാരം എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗം നടത്തിയ പരിശോധനയിൽ ഈ കെട്ടിടം കെട്ടിട നിർമ്മാണ ചട്ടപ്രകാരമാണ് നിർമ്മിച്ചതെന്നും ആയതിനാൽ കെട്ടിടനമ്പർ അനുവദിക്കാവുന്നതാണെന്നും ശുപാർശ നൽകി. എന്നാൽ 268.77 ച. മീറ്ററിന് വസ്തുനികുതി നിർണ്ണയിക്കേണ്ടതിന് പകരം 25/01/2023ൽ കെട്ടിട നമ്പർ 15/738-ാം പ്രകാരം വസ്തുനികുതി നിർണ്ണയിച്ചത് 149.49 ച. മീറ്ററിന് മാത്രമാണ്. ഇതുമൂലം പഞ്ചായത്തിന് നികുതി നഷ്ടമുണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| നിർണ്ണയിച്ച വസ്തുനികുതി | | | | നിർണ്ണയിക്കേണ്ട വസ്തുനികുതി | | |
|---|---|---|---|---|---|---|
| വാർഡ് നമ്പർ കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച. മിറ്ററിന് 60 രൂപ നിരക്കിൽ) | വിസ്തീർണ്ണം | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച. മിറ്ററിന് 60 രൂപ നിരക്കിൽ) | വസ്തുനികുതിയിൽ കുറവുണ്ടായ തുക (രൂപ) |
| 15/738 | ശ്രീമതി.രഞ്ജിത ആനന്ദ്,ആനന്ദഭവൻ,വിളക്കുടി | 149.49 | 8970+ (വർദ്ധനവ് 20%) 1794 = 10,764/- | 268.77 | 16126+ (വർദ്ധനവ് 20%) 3226= 19,352/- | 8,588/- |

വിസ്തീർണ്ണം കുറച്ച് വസ്തു നികുതി നിർണ്ണയിച്ചതിന്റെ കാരണം വ്യക്തമാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി-03/ 26/10/2023) വസ്തുനികുതി പുനർ നിർണ്ണയിക്കുമെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയത്. വസ്തു നികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 3/26.10.2023

## 1-13 പ്രാഥമിക മേഖലിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്ന

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയ മേഖലയിൽ ഉൾപ്പെടുത്തി 10%നികുതി ഇളവ് നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം ച.മിറ്റർ | ഉപയോഗ ക്രമം | നിരക്ക് (ച.മീറ്റർ) | റോഡ് | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ദ്വിതീയമേഖല അടിസ്ഥാനത്തിൽ 10 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|
| 1 | 17 | 829 | അനിൽകുമാർ | 256.8 | വാണിജ്യം | 80 | എൻ.എച്ച് | 20544 | 2052 | (ഇതേ കെട്ടിടത്തിന്റെ മുകൾ നില (കെട്ടിടനമ്പർ17/830) പ്രഥമിക മേഖലയിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്) |
| 2 | 17 | 833 | റുക്കിയ ബീവി | 42.96 | വാണിജ്യം | 50 | എൻ.എച്ച് | 2148 | 214 | |
| 3 | 19 | 1148 | ശ്രീലത | 81.62 | പാർപ്പിടം | 7 | എൻ.എച്ചിന് 200മീറ്റർ ചുറ്റളവിനുള്ളിൽ) | 571.34 | 57 | |
| 4 | 19 | 1149 | ശ്രീലത | 10.95 | വാണിജ്യം | 50 | എൻ.എച്ചിന് 200മീറ്റർ ചുറ്റളവിനുള്ളിൽ) | 547.5 | 54 | |
| 5 | 19 | 1150 | ശ്രീലത | 9.29 | വാണിജ്യം | 50 | എൻ.എച്ചിന് 200മീറ്റർ ചുറ്റളവിനുള്ളിൽ) | 464.5 | 46 | |
| 6 | 2 | 1017 | ജലാലുദീൻ | 47.97 | വാണിജ്യം | 60 | എൻ.എച്ചിന് 200മീറ്റർ ചുറ്റളവിനുള്ളിൽ) | 2878.2 | 287 | |
| 7 | 2 | 1017 | ജലാലുദീൻ | 75.11 | വാണിജ്യം | 60 | എൻ.എച്ചിന് 200മീറ്റർ ചുറ്റളവിനുള്ളിൽ) | 4506.6 | 450 | |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും എൻക്വയറിയ്ക്ക് (എൻക്വയറി നം. 13/28-10-2023) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 13/28.10.2023

1-14 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളെ 20% നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു.

വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളെ 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിന്റെ വശങ്ങളിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളായി രേഖപ്പെടുത്തി 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മി) | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | 20 ശതമാനം നികുതി വർദ്ധനവിൽ നിന്നും ഒഴിവാക്കിയതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക | റോഡിന്റെ വിവരം |
|---|---|---|---|---|---|---|
| 4 | 934 | സോമശേഖരൻ പിള്ള | 143 | 1001 | 200 | പുനലൂർ-മണ്ണാക്കുഴി |
| 13 | 968 | ഷാജിമോൻ ചാക്കോ | 66.93 | 468.51 | 94 | വില്ലേജ് ഓഫീസ് - ആലിയാട്ടുക്കുന്ന് റോഡ് (970 നമ്പർ കെട്ടിടം ഈ റോഡിന്റെ സൈഡിലാണ് നിർമ്മിച്ചിരിക്കുന്നത്. ആ കെട്ടിടത്തിന് നികുതി 20% വർദ്ധനവ് വരുത്തിയിട്ടുണ്ട്) |
| 13 | 969 | ഷാജിമോൻ ചാക്കോ | 66.93 | 468.51 | 94 | „ |
| 5 | 701 | ഷഹീർ | 173.84 | 1220 | 244 | കാര്യറ-പനമ്പറ്റ |
| 17 | 833 | ഷെബീർ/സലീന | 375 | 2625 | 525 | ശാസ്ത്രി ജംഗ്ഷൻ-കുറ്റിക്കോണം |
| 6 | 800 | രാജ്കുമാർ | 225.71 | 1580 | 316 | തോണിക്കടവ്-ചുമടുതാങ്ങി |

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും എൻക്വയറിയ്ക്ക് (എൻക്വയറി 07) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 07/28.10.2023

1-15 വസ്തു നികുതി - ചെക്ക് മടങ്ങിയതിനാൽ വരവ് വന്നില്ല

2018-19 സാമ്പത്തിക വർഷം ചെക്ക് മുഖേന സ്വീകരിച്ച വസ്തുനികുതി തുക ചെക്ക് മടങ്ങിയതിനാൽ നാളിതുവരെ ബാങ്കിൽ വരവ് വന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| രസീത് നമ്പർ | തീയതി | ചെക്ക് | തുക (രൂപ) | കെട്ടിട നമ്പർ | നികുതി അടച്ച കാലയളവ് | കെട്ടിടയുടമയുടെ പേര് |
|---|---|---|---|---|---|---|
| 118010500074 | 31/03/2019 | 934587/ 31/03/2019 | 5,088 | 2/157 | 2013-14 മുതൽ 2018-19 വരെ | എം. സലാഹുദീൻ, പുതുവീട്ടിൽ കിഴക്കതിൽ, ആവണീശ്വരം, കുന്നിക്കോട് |
| 118010500076 | 31/03/2019 | 934587/ 31/03/2019 | 1,154 | 2/836 | 2017-18 മുതൽ 2018-19 വരെ | ഷിംല, പുതുവീട്ടിൽ കിഴക്കതിൽ, കുന്നികോട്, കുന്നിക്കോട് എന്നിവയുടെ വസ്തു നികുതി |
| 118010500076 | 31/03/2019 | 934587/ 31/03/2019 | 1,154 | 2/837 | 2017-18 മുതൽ 2018-19 വരെ | ഷിംല, പുതുവീട്ടിൽ കിഴക്കതിൽ കുന്നികോട്, കുന്നിക്കോട് |
| | | ആകെ | 7,396 | | | |

മേൽ പറഞ്ഞ രസീത് നമ്പരുകൾ പ്രകാരം കെട്ടിട നമ്പർ 2/157, 2/836, 2/837 എന്നിവയുടെ വസ്തു നികുതി ഒടുക്കിയതായി 31/03/2019ലെ ഡേ ബുക്കിന്റെ ബാങ്ക് കോളത്തിൽ രേഖപ്പെടുത്തുകയും സഞ്ചയ സോഫ്റ്റ് വെയറിൽ ഈ കെട്ടിടത്തിന്റെ വസ്തുനികുതി ഡിമാന്റ് ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ചെക്ക് മടങ്ങിയതിനാൽ ഈ തുക നാളിതുവരെ ബാങ്കിൽ വരവ് വന്നില്ല. നികുതി തുക വീണ്ടും ഡിമാന്റ് ചെയ്ത് ഈടാക്കാതെ Cheque Deposited But Not Cleared ൽ

ഉൾപ്പെടുത്തിയിരിക്കുകയാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി 16/30-10-2023) സെക്രട്ടറി ലഭ്യമാക്കിയ മറുപടി വസ്തുനികുതി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നാണ്. മേൽ പറഞ്ഞ കെട്ടിടങ്ങളുടെ വസ്തു നികുതിയായ 7,396/- രൂപ പിഴപ്പലിശ ഉൾപ്പടെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 16/30.10.2023

## 1-16 ലൈസൻസ് പിരിവിലെ അപാകതകൾ

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ലൈസൻസ് സംബന്ധമായ രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) ലൈസൻസ് യഥാസമയം പുതുക്കുന്നില്ല

2022-23 ൽ 478 സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്തിരുന്നു. ഇവയിൽ 12 സ്ഥാപനങ്ങൾ മാത്രമാണ് അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപ് ലൈസൻസ് പുതുക്കിയിട്ടുള്ളത്. നിലവിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുൻപ് തന്നെ ഫീസ് ഈടാക്കി ലൈസൻസ് നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 460 സ്ഥാപനങ്ങൾക്കാണ് 2022-23 ൽ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 788 സ്ഥാപനങ്ങളിൽ നിന്നും ഹരിതകർമ്മസേന യൂസർഫീ പിരിക്കുന്നതായി ഹരിതകർമ്മസേനയുടെ പ്രവർത്തനറിപ്പോർട്ടിൽ കാണുന്നു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവരേണ്ടതാണ്.

3) ലൈസൻസ് ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പൂർണ്ണമായും നടപ്പിലായില്ല

കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങളിലെ, ചട്ടം 7 പ്രകാരം ലൈസൻസ് ഫീസ് ഈടാക്കുന്നത് വിറ്റുവരവിന് പകരം മൂലധനനിക്ഷേപത്തിന്റെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നിഷ്കർഷിക്കുകയും പട്ടിക 2-ലെ ലൈസൻസ് ഫീസ് തുകകളിൽ മാറ്റം വരുത്തുകയും ചെയ്തു. എന്നാൽ 2022-23 ലെ രജിസ്റ്ററുകളും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസിനായി സമർപ്പിക്കുന്ന എല്ലാ അപേക്ഷകളിലും മൂലധന നിക്ഷേപം രേഖപ്പെടുത്തിയിട്ടില്ല. സ്ഥാപനങ്ങളെ മൈക്രോ, മിനി, മീഡിയം, ലാർജ് എന്നിങ്ങനെ തരം തിരിക്കുകയും ഉൽപ്പാദനം, സേവനം എന്നിങ്ങനെ മേഖല തിരിച്ച് മൂലധന നിക്ഷേപം രേഖപ്പെടുത്തി ആയതിന് അനുസൃതമായി ഫീസ് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

2011 ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 118 പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ വാർത്താവിനിമയ ഗോപുരങ്ങളോ, വാർത്താവിനിമയ തൂണുകളോ സ്ഥാപിക്കുവാൻ പാടില്ല. ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പഞ്ചായത്ത് അധികൃതർ നടത്തിയ പരിശോധനയിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ലാത്ത മൊബൈൽ ടവറുകൾ പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്നതായി കണ്ടെത്തി. വിശദ വിവരം ചുവടെ ചേർക്കുന്നു.

(1) വിളക്കുടി വാർഡിൽ (വാർഡ് നമ്പർ-04)ൽ ആകെ നാല് മൊബൈൽ ടവർ സ്ഥിതി ചെയ്യുന്നതായി ബോധ്യപ്പെട്ടു. ഇതിൽ രണ്ട് ടവറുകൾക്ക് മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ളത്. വിളക്കുടി ജംഗ്ഷന് സമീപം രണ്ട് മൊബൈൽ ടവറുകൾക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല. ഇതിൽ ഒന്നാമത്തെ ടവറിന് 21.84 ച. മീറ്റർ വിസ്തീർണ്ണവും രണ്ടാമത്തെ ടവറിന് 16.23 ച. മീറ്റർ വിസ്തീർണ്ണവുമുണ്ട്. പ്രസ്തുത മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെ അനധികൃതമായി നിർമ്മാണം നടത്തിയതാണെങ്കിൽ റെഗുലറൈസേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ ടവറുകളുടേയും വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ – 07/28.10.2023

## 1-18 അനധികൃതമായി കെട്ടിടം നിർമ്മിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമൂലം നികുതി നഷ്ടം


1) ലൈസൻസ് രജിസ്റ്ററിന്റെ പരിശോധനാവേളയിൽ ശ്രീ. അയൂബ് ഖാൻ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ഇതരവ്യവസായാവശ്യത്തിന് വസ്തുനികുതി നിർണയിച്ച കെട്ടിടത്തിൽ (വാർഡ് നമ്പർ-02ൽ കെട്ടിടനമ്പർ 390) അയൂബ്

ട്രേഡേഴ്സ് എന്ന സ്ഥാപനം നടത്തുന്നതിനുള്ള (ബിൽഡിംഗ് മെറ്റീരിയൽസ്, പെയിന്റ് എന്നിവ വിൽക്കുന്നതിനുള്ള) ലൈസൻസ് നൽകിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കെട്ടിടനമ്പർ 2/390 ന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വഴി സൌകര്യം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗക്രമം | വാർഷികവസ്തുനികുതി |
|---|---|---|---|---|---|
| ശ്രീ. അയൂബ് ഖാൻ, അയൂബ് ട്രേഡേഴ്സ്, കുന്നിക്കോട് | 2/390 | കുന്നിക്കോട്- പത്തനാപുരം | 56 ച. മീറ്റർ | ഇതരവ്യവസായാവശ്യം | 3,335/- രൂപ |











ഇതരവ്യവസായാവശ്യത്തിന് വസ്തുനികുതി നിർണയിച്ച കെട്ടിടത്തിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ഇതരവ്യവസായാവശ്യത്തിന് നികുതി നിർണ്ണയിച്ച മേൽ കെട്ടിടം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതിനായി വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (ഓഡിറ്റ് എൻക്വയറി 04/28/10/2023) തുടർന്ന് പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം 30/10/2023ന് സ്ഥലപരിശോധന നടത്തുകയും 56 ച.മീറ്റർ കെട്ടിടത്തിന്റെ സ്ഥാനത്ത് 940.38 ച. മീറ്ററുള്ള കെട്ടിടം നിർമ്മിച്ചതായുള്ള റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു. പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെയാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ച് ഉപയോഗിച്ച് വരുന്നത്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടികളും ഉണ്ടാകുന്നില്ലായെന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് ഈ നിർമ്മാണം. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235(എഎ) പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം നിയമാനുസൃതം അല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ മേൽപ്പറഞ്ഞ നിയമത്തിലെ വകുപ്പ് 203(2)ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഉപയോഗ ക്രമത്തിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ പൊളിച്ചു നീക്കുകയോ ചെയ്യുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ട് ഇരട്ടിയും ചേർന്നുള്ള തുക വസ്തു നികുതിയായി നൽകുന്നതിന് കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കുന്നതാണ്. ഇതരവ്യവസായാവശ്യത്തിന് ഒക്യുപ്പൻസി അനുവദിച്ച കെട്ടിടത്തിന്റെ സ്ഥാനത്ത് അനധികൃതമായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മാണം നടത്തിയതിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും അനധികൃത നിർമ്മാണത്തിന് ചുമത്തേണ്ട വസ്തുനികുതി കെട്ടിടയുടമയിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

2) ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് രജിസ്റ്ററിന്റെ പരിശോധനയിൽ ശ്രീ. ബഷീർകുട്ടി എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള വ്യവസായത്തിനാവശ്യമുള്ളവ - കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണയിച്ച 50 ച.മി വിസ്തീർണ്ണമുള്ള കെട്ടിടത്തിൽ (വാർഡ്നമ്പർ 17ൽ കെട്ടിടനമ്പർ 611) പനയ്ക്കൽ ഏജൻസി എന്ന സ്ഥാപനം നടത്തുന്നതിനുള്ള (ബിൽഡിംഗ് മെറ്റീരിയൽസ് വിൽക്കുന്നതിനുള്ള) ലൈസൻസ് നൽകിയിതായി കണ്ടെത്തി. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം കെട്ടിടനമ്പർ 17/611 ന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വഴി സൌകര്യം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | ഉപയോഗക്രമം | വാർഷിക വസ്തുനികുതി |
|---|---|---|---|---|---|
| ശ്രീ. ബഷീർകുട്ടി | 17/611 | എൻ.എച്ച് | 50 ച.മീറ്റർ | കൈത്തറി ഷെഡ്, കയർ പിരി ഷെഡ്- ഇഷ്ടിക ചൂള | 407 രൂപ |





(ലൈസൻസ് ഫോട്ടോ, FORM 6)

വ്യവസായാവശ്യം കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഇഷ്ടിക ചൂളയ്ക്ക് വസ്തുനികുതി നിർണയിച്ച കെട്ടിടത്തിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനും ഇഷ്ടിക ചൂളയ്ക്ക് നികുതി നിർണ്ണയിച്ച മേൽ കെട്ടിടം വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നതിനായി വിസ്തീർണ്ണത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് എഞ്ചിനിയറിംഗ് വിഭാഗം പരിശോധിച്ച് രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയെ (ഓഡിറ്റ് എൻക്വയറി04/28/10/2023) തുടർന്ന് പഞ്ചായത്ത് എൽ.എസ്.ജി.ഡി വിഭാഗം 30/10/2023ന് സ്ഥലപരിശോധന നടത്തുകയും 50 ച. മീറ്റർ കെട്ടിടത്തിന്റെ സ്ഥാനത്ത് 699.51 ച. മീറ്ററുള്ള കെട്ടിടം നിർമ്മിച്ചതായുള്ള റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു. പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെയാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ച് ഉപയോഗിച്ച് വരുന്നത്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടികളും ഉണ്ടാകുന്നില്ലായെന്നുള്ളതിന്റെ ഉത്തമ ഉദാഹരണമാണ് ഈ നിർമ്മാണം. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235(എഎ ) പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം നിയമാനുസൃതം അല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ മേൽപ്പറഞ്ഞ നിയമത്തിലെ വകുപ്പ് 203(2) ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ഉപയോഗ ക്രമത്തിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ പൊളിച്ച് നീക്കുകയോ ചെയ്യുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ട് ഇരട്ടിയും ചേർന്നുള്ള തുക വസ്തു നികുതിയായി നൽകുന്നതിന് കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കും. ഇഷ്ടികചൂളയ്ക്ക് ഒക്യുപൻസി അനുവദിച്ച കെട്ടിടത്തിന്റെ സ്ഥാനത്ത് അനധികൃതമായി വാണിജ്യാവശ്യത്തിനുള്ള കെട്ടിടം നിർമ്മാണം നടത്തിയതിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിടനിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും അനധികൃത നിർമ്മാണത്തിന് ചുമത്തേണ്ട വസ്തുനികുതി കെട്ടിടയുടമയിൽ നിന്നും ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

പഞ്ചായത്ത് പരിധിയിൽ അനധികൃതമായി കെട്ടിടങ്ങൾ നിർമ്മിച്ച് ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയുടേയും ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്. ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന് വസ്തുനികുത് നിർണ്ണയിച്ചിരിക്കുന്ന ഉപയോഗക്രമത്തിന് തന്നെയാണോയെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

## 1-19 തനത് വരുമാനം-അവലോകനം

വസ്തുനികുതി പരിഷ്കരണ നടപടികൾ പൂർത്തിയായില്ല.

01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023 -ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ മൂന്ന് ഘട്ടങ്ങളാണുള്ളത്. ആയത് പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 ൽ വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം 2023-24 മുതൽ ഓരോ വർഷവും, തൊട്ടു മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി അടുത്ത അഞ്ചു വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ആയത് പ്രകാരം 2022-23 വരെ നികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി 01.04.2023 മുതൽ പ്രാബല്യത്തിൽ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ്‌വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തുക, സോഫ്റ്റ്‌വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലം നികുതി നിർണ്ണയത്തിന് അടിസ്ഥാനമാക്കിയ വിവരങ്ങളിൽ നിന്നും വ്യത്യസ്തമാണ് പല കെട്ടിടങ്ങളുടെയും നിലവിലെ അവസ്ഥ. കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ്‌വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികളൊന്നും ആരംഭിച്ചിട്ടില്ല അതുമൂലം നികുതി നഷ്ടമുണ്ടാകുന്നു (ഖണ്ഡിക 1-18 യിൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതായുണ്ട്. ഇതിലേക്കായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ 18.092023-ലെ എസ്.സി2-2358/23 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. വസ്തുനികുതി പരിഷ്കരണം പൂർത്തിയാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്

4. സേവന ഉപനികുതി

സേവന ഉപനികുതി നിലവിൽ പിരിക്കുന്നില്ല. സേവന ഉപനികുതി ഈടാക്കുന്നതിനു വേണ്ട നടപടികൾ ഭരണ സമിതി അംഗീകാരത്തോടെ നടപ്പാക്കാവുന്നതാണ്.

5. ലൈസൻസ്

കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം, വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലായെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളേയും ലൈസൻസിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടില്ല. (ഖണ്ഡിക 1-16 യിൽ ഇത് സംബന്ധിച്ച പരാമർശം ഉൾപ്പെടുത്തിയിട്ടുണ്ട്)

1-20 ഒക്യുപ്പൻസി ലഭിച്ചതിന് ശേഷം അനധികൃത നിർമ്മാണം - പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുന്നില്ല.

ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷമുള്ള അനധികൃത നിർമ്മാണങ്ങൾ തടയുന്നതിനാണ് കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റുകൾ നടത്തുന്നില്ല. പഞ്ചായത്തിൽ നിന്നും ഒക്യുപ്പൻസി ലഭിച്ചതിനു ശേഷം കെട്ടിടങ്ങളിൽ വ്യാപകമായ അനധികൃത നിർമ്മാണം നടത്തുന്നുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

1) രാജേഷ് സോമനാഥൻ എന്ന വ്യക്തിക്ക് (വാർഡ് നമ്പർ 13ൽ കെട്ടിട നമ്പർ 222, 223) സാരഥി ഓട്ടോകാർസ് എന്ന സ്ഥാപനം നടത്തുന്നതിനുള്ള (മാരുതി കാറുകളുടെ വില്പന) ലൈസൻസ് നൽകിയിരുന്നു. കൂടാതെ രാജേഷ് സോമനാഥന് (വാർഡ് നമ്പർ 13ൽ കെട്ടിട നമ്പർ 224, 225) സാരഥി മോട്ടോഴ്സ്എന്ന സ്ഥാപനം നടത്തുന്നതിനുള്ള (ബജാജ് ടൂവീലർ വില്പന) ലൈസൻസും നൽകിയിരുന്നു. മേൽ പറഞ്ഞ നാല് കെട്ടിടനമ്പറുകളിലായി 80 ച. മീറ്ററിനാണ് വസ്തുനികുതി നിശ്ചയിച്ചിരിക്കുന്നത്. കാർ, ടൂവീലർ ഷോറൂമുകൾക്കായി ഉപയോഗിക്കുന്ന ഈ കെട്ടിടത്തിന് മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി എൻക്വയറി നമ്പർ -6 തീയതി 26/10/2023 പ്രകാരം ആവശ്യപ്പെട്ടിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് അധികൃതർ 30/10/2023ന് സ്ഥലപരിശോധന നടത്തുകയും 80 ച.മീറ്റർ കെട്ടിടത്തിന്റെ സ്ഥാനത്ത് 1090.70 ച. മീറ്ററുള്ള കെട്ടിടം നിർമ്മിച്ചതായുള്ള റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കുകയും ചെയ്തു. പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെയാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ച് ഉപയോഗിച്ച് വരുന്നത്.


2) ജുമൈലത്ത് ബീവി എന്ന വ്യക്തിക്ക് (വാർഡ് നമ്പർ 2ൽ കെട്ടിട നമ്പർ 845) ബി.എസ്.ആർ സൂപ്പർ മാർക്കറ്റ് എന്ന സ്ഥാപനം നടത്തുന്നതിനുള്ള ലൈസൻസ് നൽകിയിരുന്നു. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഈ കെട്ടിടം ഇതര വ്യവസായത്തിന്റെ ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം ഈ കെട്ടിടത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | ഉപയോഗക്രമം | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിരക്ക് | വാർഷിക വസ്തുനികുതി |
|---|---|---|---|---|---|
| ശ്രീ. ശുഭാഗദൻ/മുഹമ്മദാലി | 2/845 | ഇതര വ്യവസായം | 90 ച. മീറ്റർ | 60 | 5400+1080= 6,480/- രൂപ |

വാർഡ് നമ്പർ 2 ൽ 845, 846, 847, 859, 860, 861 എന്നീ കെട്ടിടനമ്പരുകൾ ഉള്ള ഈ കെട്ടിടത്തിലെ കടമുറികൾക്ക് 465 ച. മീറ്ററിന് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. സൂപ്പർ മാർക്കറ്റിനായി ഈ കടമുറികളും ഉപയോഗിച്ചിട്ടുണ്ടോ എന്നും കെട്ടിടനമ്പർ ലഭിച്ചതിന് ശേഷം മേൽ പറഞ്ഞ കടമുറികളെ യോജിപ്പിച്ച് ഒറ്റ കടമുറിയാക്കി മാറ്റിയിട്ടുണ്ടോ എന്നും ഈ കെട്ടിടത്തിനോടനുബന്ധിച്ച് മറ്റ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ എന്നും എഞ്ചിനീയറിംഗ് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാനും ഇതര വ്യവസായത്തിന് വസ്തുനികുതി നിർണയിച്ച കെട്ടിടത്തിൽ വാണിജ്യാവശ്യത്തിനുള്ള ലൈസൻസ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടും ഓഡിറ്റ് എൻക്വയറി നമ്പർ -5 തീയതി 27/10/2023 നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 30-10-23 ൽ സാങ്കേതിക വിഭാഗം പരിശോധന നടത്തിയതിൽ ഈ കെട്ടിടത്തിന്റെ ഘടനയിലും വിസ്തൃതിയിലും മാറ്റവും വർദ്ധനവും വരുത്തിയിട്ടുള്ളത് ബോധ്യപ്പെട്ടിട്ടുള്ളതായും 465 ച. മീറ്റർ കെട്ടിടത്തിന്റെ സ്ഥാനത്ത് 1099.91 ച. മീറ്ററുള്ള കെട്ടിടം നിർമ്മിച്ചതായുമുള്ള റിപ്പോർട്ട് ഓഡിറ്റിൽ ഹാജരാക്കി. പഞ്ചായത്തിൽ നിന്നുള്ള അനുമതി കൂടാതെയാണ് പ്രസ്തുത കെട്ടിടം നിർമ്മിച്ച് ഉപയോഗിച്ച് വരുന്നത്. അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിനും തടയുന്നതിനും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും യാതൊരു നടപടികളും ഉണ്ടാകുന്നില്ല എന്നാണ് മേൽപ്പറഞ്ഞ രണ്ട് ഉദാഹരണങ്ങളിൽ നിന്ന് വ്യക്തമാകുന്നത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 235(എഎ ) പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം നിയമാനുസൃതം അല്ലാതെ നിർമ്മിക്കുകയോ പുനർ നിർമ്മിക്കുകയോ ചെയ്താൽ മേൽപ്പറഞ്ഞ നിയമത്തിലെ വകുപ്പ് 203(2) പറഞ്ഞിട്ടുള്ള ഏതെങ്കിലും ഉപയോഗ ക്രമത്തിൽ ക്രമീകരിക്കുകയോ അല്ലെങ്കിൽ പൊളിച്ചു നീക്കുകയോ ചെയ്യുന്നതുവരെ പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നതെങ്കിൽ കൊടുക്കേണ്ടിവരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ട് ഇരട്ടിയും ചേർന്നുള്ള തുക വസ്തു നികുതിയായി നൽകുന്നതിന് കെട്ടിട ഉടമ ബാധ്യസ്ഥനായിരിക്കും. ഒക്യുപ്പൻസി അനുവദിച്ചതിന് ശേഷം അനധികൃതമായി കെട്ടിടം നിർമ്മാണം നടത്തിയതിനെതിരെ പഞ്ചായത്ത് രാജ് നിയമവും കെട്ടിട നിർമ്മാണ ചട്ടങ്ങളും അനുസരിച്ചുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതും അനധികൃത നിർമ്മാണത്തിന് ചുമത്തേണ്ട വസ്തുനികുതി കെട്ടിടയുടമയിൽ നിന്നും ഈടാക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.



വിളക്കുടി ഗ്രാമപഞ്ചായത്ത്
കുന്നിക്കോട് പി.ഒ., കൊല്ലം ജില്ല പിൻ: 691508
ഫോൺ: 0475-2322026
ഇമെയിൽ – vilakudypanchayat@yahoo.in
AN ISO 9001:2015 CERTIFIED PANCHAYAT

LFA 2022-23 ഓഡിറ്റ് എൻക്വയറി നം. 4

ഈ ഓഫീസിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുള്ള താഴെ പറയുന്ന നമ്പർ കെട്ടിടങ്ങളിൽ പുതിയ നിർമ്മാണ പ്രവർത്തനങ്ങൾ/ ഘടനാപരമായ മാറ്റം വരുത്തിയിട്ടുണ്ടോ എന്ന് എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | രജിസ്റ്റർ പ്രകാരമുള്ള വിസ്തീർണ്ണം | ഉടമ/കൈവശക്കാരന്റെ പേരും വിലാസവും | കണ്ടെത്തിയ വിസ്തീർണ്ണം |
|---|---|---|---|
| II/390 | 56 ച.മീ | അയ്യൂബ് ഖാൻ,അയ്യൂബ് ട്രേഡേഴ്സ്,കുന്നിക്കോട്,9544278711 | |
| XVII/611 | 50 ച മീ | ബഷീർകുട്ടി ,വലിയഴികത്ത് വീട് 9526662476,കുന്നിക്കോട് | 667 m² |
| XIII/222 | 20m2 | സാരഥിമോട്ടോഴ്സ്-രാജേഷ്സോമനാഥ്/കൊച്ചുകേശവപിള്ള കെ.കേശവൻ ഇളമ്പൽ | GF 672.96 |
| XIII/223 | 20m2 | Do | FF 361.30 |
| XIII/224 | 20m2 | Do | Stair 56.44 |
| XIII/225 | 20m2 | Do | 1090.70 M² |
| II/845 | 90m2 | ശുഭാംഗദൻ/മുഹമ്മദലി നല്ലൂർവീട് കാര്യറ 9447247641 | BSR |
| II/846 | 84 m2 | Do | GF 373.81 |
| II/847 | 63 m2 | Do | 1099.91 Sq Mtr |
| II/859 | 80 m2 | Do | FF 308.05 |
| II/860 | 85 m2 | Do | |
| II/861 | 63 m2 | Do | 2nd Flo 308.05 |
| | | | Stair 60.0 |

1/11/2023

## 1-21 Unclaimed Deposit ഇനത്തിൽ ബാങ്ക് പിൻവലിച്ച 68,015/- രൂപ തിരികെ ഈടാക്കാൻ നടപടി സ്വീകരിച്ചില്ല

ജനകീയ പാർപ്പിട പദ്ധതിയ്ക്കായി പരിപാലിച്ചിട്ടുള്ള കാനറ ബാങ്കിലെ അക്കൗണ്ട് നം. 1099101036949 ൽ നിന്നും 68,015/- രൂപ 24-12-2022 ൽ Unclaimed Deposit ഇനത്തിൽ ബാങ്ക് പിൻവലിച്ചു. എന്നാൽ പ്രസ്തുത വിവരം പഞ്ചായത്ത് തിരിച്ചറിയാതെ അക്കൗണ്ടിൽ 67,730/- രൂപ നീക്കിയിരപ്പ് ഉള്ളതായി കാണിച്ചാണ് 2022-23 വാർഷിക കണക്ക് തയ്യാറാക്കിയിരിക്കുന്നത്. ടി തുക തിരികെ ഈടാക്കാൻ KYC വിവരം ബാങ്കിൽ സമർപ്പിച്ചതായി കാണുന്നില്ല. തുക തിരികെ ലഭിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 12/2022-23

## 1-22 26,086/- രൂപ ആദായ നികുതി സ്രോതസ്സിൽ കുറവ് ചെയ്തത് ഒടുക്കിയില്ല

പ്രോജക്ട് നം 31/2022-23 പ്രകാരമുള്ള ക്രിമിറ്റോറിയം നിർമ്മാണത്തിന്റെ ഭാഗമായി നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിക്വസിഷന്റെ അടിസ്ഥാനത്തിൽ ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ചെക്ക് നം. 17989 തീ. 31/08/2022 പ്രകാരം 26,086/- രൂപ പ്രവൃത്തിയുടെ ആദായ നികുതി സ്രോതസ്സിൽ കുറവ് ചെയ്തത് ഈ ഇനത്തിൽ ഒടുക്കുന്നതിനായി സെൻട്രൽ ബാങ്ക് അക്കൗണ്ട് നം. 2117916755 ൽ നിന്നും പിൻവലിച്ചു. എന്നാൽ പ്രസ്തുത തുക 05/09/2022 ൽ മേൽ ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ ക്യാഷ് ആയി ഒടുക്കിയിട്ടുണ്ട്. 26,086/- രൂപ ആദായ നികുതി വകുപ്പിൽ ഒടുക്കി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 19/2022-23

## 1-23 - 5,421/- രൂപ ജി.എസ്.ടി - ടിഡിഎസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ അനുവദിച്ചു

2017 ലെ ചരക്ക് സേവന നിയമം സെക്ഷൻ 51(1) പ്രകാരം തദ്ദേശ സ്ഥാപനങ്ങൾ ജി.എസ്.ടി ബാധകമായ സാധനങ്ങൾ വാങ്ങുമ്പോൾ കരാർ തുക 2.5 ലക്ഷം രൂപയിൽ അധികമായാൽ സ്രോതസ്സിൽ നിന്നും ജി.എസ്.ടി-ടിഡിഎസ് കുറവു ചെയ്യേണ്ടതാണ്. എന്ന് കേന്ദ്രധനമന്ത്രാലയം 13/09/2018 ലെ വിജ്ഞാപനം നം 50/2018-central Tax പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. മേൽ വ്യവസ്ഥ പ്രകാരം 5,421/- രൂപ ജി.എസ്.ടി-ടിഡിഎസ് ഇനത്തിൽ സ്രോതസ്സിൽ കുറവ് ചെയ്യാതെ തുക അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ പേര് - വാർഡ് – 2 കാവൽപ്പുര മാമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ് RC 350197

കരാറുകാരൻ - ശ്രീ. സനൽ , നിർമ്മിതി ബിൽഡിംഗ് സപ്ലൈയേഴ്സ്

എം ബുക്ക് നം - 255/2021-22

കരാർ നം - 01/10-05-2022

Invoice N0- 01/26-05-2022 = 3,06,803/- രൂപ

| MNREGS ബിൽ നം. | പേയ്മെന്റ് തീയതി | തുക (രൂപ) |
|---|---|---|
| 1 | 23-03-2023 | 1,32,102.1 |
| 32 | 09-09-2023 | 1,74,628.9 |
| ആകെ | | 3,06,731 |
| CGST + SGST | | 35,704 |
| അറ്റ തുക | | 2,71,027 |
| ഈടാക്കേണ്ട ജി.എസ്.ടി-ടിഡിഎസ് | | 5,421 |

5,421/- രൂപ ജി.എസ്.ടി-ടിഡിഎസ് ഈടാക്കി ഒടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 15/2022-23

1-24 ആസൂത്രണ പിഴവ് - പാതിവഴിയിൽ നിർത്തിയ ഭൂസംരക്ഷണഭിത്തി നിർമ്മാണം ക്രിമറ്റോറിയം നിർമ്മാണത്തിന് തടസ്സമാകുന്നു: 18,00,901/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2017-18-ൽ, അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർവ്വഹണാധികാരത്തിൽ, വികസന ഫണ്ട് 21,91,000/- രൂപ, സംസ്ഥാനാവിഷ്കൃത ഫണ്ട് 20,00,000/- രൂപ, ഗ്രാമ പഞ്ചായത്ത് വിഹിതം: 10,00,000/- രൂപ, ബ്ലോക്ക് പഞ്ചായത്ത് വിഹിതം: 20,00,000/- രൂപ, ജില്ലാ പഞ്ചായത്ത് വിഹിതം: 10,00,000/- രൂപ എന്നിങ്ങനെ ആകെ 81,91,000/- രൂപ അടങ്കൽ വകയിരുത്തി, ഏക വർഷ പദ്ധതിയായി ആവിഷ്കരിച്ച പദ്ധതിയായിരുന്നു 'ക്രിമറ്റോറിയം നിർമ്മാണം.' (പ്രോജക്ട് നം. 225). പദ്ധതി വർഷത്തിൽ പ്രവർത്തനങ്ങളൊന്നും നടന്നില്ല.

തുടർന്ന് 2018-19-ൽ ഇത് സ്പിൽ ഓവർ പദ്ധതിയാക്കിയെങ്കിലും (നം. S0225) പ്രസ്തുത വർഷവും ചെലവുകൾ നടന്നതായി രേഖയില്ല. എന്നാൽ 03.11.2018 ൽ പദ്ധതി നിർവ്വഹണം Steel Industries Ltd Kerala (SILK) എന്ന സ്ഥാപനത്തെ ഏൽപ്പിക്കാൻ പഞ്ചായത്തുഭരണ സമിതി തീരുമാനമെടുത്തു. (തീരുമാനം നം. 1(2)). ആയതിന്റെ അടിസ്ഥാനത്തിൽ പൊതു ശ്മശാനനിർമ്മാണത്തിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് 'SILK'ന് പഞ്ചായത്ത് സെക്രട്ടറി കത്ത് നൽകി (No. A4-01/2018 Dtd 09.11.2018). പിന്നീട് 13.02.2019 ൽ പദ്ധതി പണമുപയോഗിച്ച് ക്രിമറ്റോറിയം ഭൂമിക്ക് സംരക്ഷണ ഭിത്തി കെട്ടാൻ തീരുമാനമുണ്ടായി. (നം. 16(2)).

പദ്ധതിക്കായി ചുവടെ ചേർക്കും വിധം പണം ചെലവഴിച്ചു.

1). 16,38,200/- രൂപ: (ചെക്ക് നം. 2560128/29.3.2019; (കിഴിവുകൾ ഇല്ല))

2). 10,41,157/- രൂപ: (ചെക്ക് നം. 3428211/13.4.2020; (കിഴിവുകൾ ഇല്ല))

3). 21,45,400/- രൂപ: (Bill Ref. No. 2004052016600019122/11.4.2020; ബിൽ വിശദാംശങ്ങൾ: IT: 62976/-; KCWWFB: 31488/-; GST: 62976/-; SILK: 34883/-, Advance Adjusted: 1638200; Retention: 163736; Fine: 151141)

4). 18,00,901/- രൂപ: (ചെക്ക് നം. 17988/31.8.2022; ബിൽ വിശദാംശങ്ങൾ: IT: 26086/-; KCWWFB: 13043/-; GST: 26086/-; SILK: 1735686/-)

ആകെ: 49,87,458/-രൂപ (മുൻകൂർ 16,38,200/- രൂപ ഒഴികെ)

പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചുവടെ പരാമർശിക്കുന്ന അപാകതകൾ ഓഡിറ്റ് നിരീക്ഷിക്കുന്നു.

എ) സംരക്ഷണഭിത്തി നിർമ്മാണം ആരംഭിക്കുന്നതിനു മുന്നേ പഞ്ചായത്ത് ഭൂമിയുടെ അതിർത്തികൾ അളന്ന് തിരിച്ച് തിട്ടപ്പെടുത്തിയില്ല.

ബി) ക്രിമറ്റോറിയം നിർമ്മാണം Steel Industries Ltd Kerala (SILK) എന്ന സ്ഥാപനത്തെ ഏൽപ്പിക്കാൻ പഞ്ചായത്തുഭരണ സമിതി തീരുമാനമെടുക്കുകയും, ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കാനാവശ്യപ്പെട്ടുകൊണ്ട് SILK-ന് സെക്രട്ടറി കത്ത് നൽകുകയും ചെയ്തുവെങ്കിലും SILK ഏതെങ്കിലും തരത്തിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നതായി രേഖയില്ല. പ്ലാനും എസ്റ്റിമേറ്റും പദ്ധതി നിർവ്വഹണാധികാരിയായ അസിസ്റ്റന്റ് എഞ്ചിനീയർ തന്നെ തയ്യാറാക്കി. ആയതിന്റെ സാഹചര്യം ഫയലിൽ വ്യക്തമല്ല.

സി) ക്രിമറ്റോറിയം നിർമ്മാണം പോലുള്ള പ്രവൃത്തികൾക്കും, അനുബന്ധ സിവിൽ വർക്കുകൾക്കുമുള്ള അക്രഡിറ്റഡ് ഏജൻസിയായോ, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായോ SILKനെ അംഗീകരിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് ഇല്ല. ടെന്റർ നടപടി ക്രമങ്ങൾ ഒഴിവാക്കി SILK നെ പദ്ധതി ഏൽപ്പിക്കുന്നത് ക്രമവിരുദ്ധമാണെന്ന് പദ്ധതിനിർവ്വഹണാധികാരി ചൂണ്ടിക്കാണിച്ചതായും ഫയലിൽ രേഖയില്ല.

ഡി) ക്രിമറ്റോറിയം നിർമ്മാണത്തിന്റെ മാസ്റ്റർ പ്ലാൻ, സൈറ്റ് ലെവൽ, സൈറ്റ് ലേ ഔട്ട്, വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട്

എന്നിവ തയ്യാറാക്കിയതായി രേഖയില്ല.
ഇ) 45 ഡിഗ്രിയിൽ കൂടുതൽ കുത്തനെ ചരിവുള്ള, താഴ്വാരത്ത് ആളുകൾ അധിവസിക്കുന്ന,കുന്നിൻ ചരിവായ ഭൂപ്രദേശത്ത് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുമ്പ് സാധ്യതാ പഠനം, പാരിസ്ഥിതികാഘാത പഠനം എന്നിവ നടത്തിയതായി രേഖയില്ല.
എഫ്) പദ്ധതി പ്രദേശത്ത് പ്രത്യക്ഷത്തിൽ കാണുന്ന അതിർത്തിയിൽനിന്നും 5 മീറ്ററിൽ കൂടുതൽ ഉള്ളിലാണ് നിലവിൽ സംരക്ഷണഭിത്തി നിർമ്മാണം നടത്തിയിരിക്കുന്നതെന്ന് ഓഡിറ്റ് 28.10.23 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. ഇതുമൂലം വലിയ അളവിൽ ഭൂമി ഉപയോഗശൂന്യമായതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. ഇത്തരത്തിൽ നിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.
ജി) ബഹു തദ്ദേശ സ്വയംഭരണസ്ഥാപന ഓംബുഡ്സ്മാന്റെ 3.2.22ലെ ഉത്തരവിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയോടും, ജില്ലാ മൈനിങ് ആന്റ് ജിയോളജി വകുപ്പിനോടും സ്ഥലം ശ്മശാന നിർമ്മാണത്തിന് യോജിച്ചതാണോ എന്ന് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദശിച്ചിട്ടുള്ളതും, റിപ്പേർട്ട് ലഭിക്കുന്നതുവരെ നിർമ്മാണ പ്രവർത്തനങ്ങളും പ്രതിഫല വിതരണവും നിർത്തിവയ്ക്കാൻ നിർദ്ദേശിച്ചിട്ടുള്ളതുമാണ്. പ്രസ്തുത റിപ്പോർട്ടുകളില്ലാതെ, ഉത്തരവ് മറികടന്ന് തുടർന്നും ബിൽതുക നല്കി.
എഫ്) നിർമ്മാണം പൂർത്തീകരിക്കാൻ ശേഷിക്കുന്ന 34.1 മീറ്റർ, SILK പൂർത്തീകരിക്കേണ്ടതില്ലായെന്നും, SILKന് 11.4.2020-ലെ ബിൽ തുകയിൽനിന്ന് ഈടാക്കിയ 1,51,141/- രൂപയ്ക്കുപരിയായുള്ള ഫൈൻ ഒഴിവാക്കി ബിൽ തുക നൽകുന്നതിനും പഞ്ചായത്ത് ഭരണസമിതി 8(3)/29.01.2022 നമ്പരായി തീരുമാനിച്ചു. ആയതിൻ പ്രകാരം 08.01.2022 വരെ എടുത്ത മെഷർമെന്റ് ഫൈനൽ മെഷർമെന്റാക്കി ബിൽതുക കണക്കാക്കി നൽകി കരാറുകാരെ തുടർ നിർമ്മാണ പ്രവർത്തനങ്ങളിൽനിന്ന് ഒഴിവാക്കി. 2017-18 ആരംഭിച്ച പദ്ധതി 29.1.22ലെ ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പകുതിവഴിയിൽ ഉപേക്ഷിക്കാൻ തീരുമാനമെടുത്തതിനോട് അസിസ്റ്റന്റ് എൻജിനീയർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടില്ല. ചട്ടപ്രകാരം ഈടാക്കേണ്ടിയിരുന്ന ഫൈൻ ഒഴിവാക്കിനൽകുകയും ഒപ്പം കരാറുകാരുടെ സേവനം മതിയാക്കാൻ തീരുമാനിക്കുകയും ചെയ്തതിന്റെ സാഹചര്യം വിശദീകരിക്കപ്പെട്ടിട്ടില്ല.





അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും, ബന്ധപ്പെട്ട മുൻ അസിസ്റ്റന്റ് എഞ്ചിനീയറിൽനിന്നും മറുപടി വാങ്ങി ഓഡിറ്റിന് ലഭ്യമാക്കാം എന്ന പ്രാഥമിക മറുപടിമാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ക്രിമറ്റോറിയം നിർമ്മാണം ആയതിനാൽ മതവിശ്വാസാചാരങ്ങൾ കൂടി കണക്കിലെടുക്കേണ്ടതുണ്ട്. ഭൂമിയുടെ അതിർത്തികൾ കണക്കിലെടുക്കാതെയും, ക്രിമറ്റോറിയം നിർമ്മാണത്തിന്റെ മാസ്റ്റർ പ്ലാൻ, സ്കെച്ചുകൾ, സൈറ്റ് ലെവൽ, സൈറ്റ് ലേ ഔട്ട്, വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ തയ്യാറാക്കാതെയും ഭൂസംരക്ഷണ ഭിത്തി നിർമ്മാണം ആരംഭിച്ചതുമൂലം കിഴക്ക്-പടിഞ്ഞാറായി നീളത്തിലുള്ള പദ്ധതി പ്രദേശത്ത് ക്രിമറ്റോറിയം നിർമ്മാണത്തിന് സ്ഥലപരിമിതി ഉണ്ടായതായി ഓഡിറ്റ് 28.10.23 ന് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ കാണാൻ കഴിഞ്ഞു. 49,87,458/- രൂപ ചെലവഴിച്ച് 64.9 മീറ്റർ നീളത്തിൽ ഭാഗിക ഭൂസംരക്ഷണ ഭിത്തി നിർമ്മാണം മാത്രമാണ് ഇത്രയും കാലത്തിനുള്ളിൽ നടത്താനായത്. പദ്ധതി ഭൂമിസംരക്ഷണ പ്രവൃത്തി പോലും പൂർത്തീകരിക്കാതെ അവശേഷിക്കുന്നതിന് ബന്ധപ്പെട്ട ഉദ്ധ്യോഗസ്ഥരുടെയും, പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെയും ഭാഗത്തുനിന്നും ഉണ്ടായ ഗുരുതരമായ ആസൂത്രണ പിഴവുകളും അനാസ്ഥയും കാരണമായതായി നിരീക്ഷിക്കുന്നു.
മേൽ പരാമർശ സാഹചര്യങ്ങളുടെ അടിസ്ഥാനത്തിൽ, 2022-23 നടന്ന 18,00,901/- രൂപയുടെ പദ്ധതി ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് അന്വേഷണം നം. 01/28.10.2023
തടസ്സപ്പെടുത്തിയ തുക - 18,00,901/- രൂപ

1-25 ഹരിതകർമസേന - പ്രവർത്തന അവലോകനം

20 വാർഡുകളിലായി 8334 കുടുംബങ്ങളും 788 സ്ഥാപനങ്ങളുമുള്ളതായി രേഖകൾ വ്യക്തമാക്കുന്നു. ആകെ ജനസംഖ്യ 32995 (2011 കാനേഷുമാരി വിവരങ്ങൾ). ഗ്രാമപഞ്ചായത്തിൽ 20 വാർഡുകളിലും ഹരിതകർമ്മസേനയുടെ ചിട്ടയായ പ്രവർത്തനം നടന്നിട്ടില്ല. 'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ പഞ്ചായത്തിന് കഴിഞ്ഞില്ല.ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് 'പാണ്ടാസ് എക്കോ സൊലൂഷൻസ്' എന്ന സ്വകാര്യ ഏജൻസിക്കാണ് കൈമാറുന്നത്. ഇത് എല്ലാ മാസങ്ങളിലും നടന്നിട്ടില്ല. 19-ാം വാർഡിൽ ഒരു താത്കാലിക എം.സി.എഫ്- മാത്രമാണുണ്ടായിരുന്നത്. ഇത് സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങളോടുകൂടിയതായിരുന്നില്ല എന്ന് സേനാംഗങ്ങൾതന്നെ ഓഡിറ്റിനെ ബോധിപ്പിച്ചു. ബെയിലിംഗ് മെഷീൻ സ്ഥാപിച്ചിട്ടില്ല.

യൂസർഫീ ഇനത്തിലും,അജൈവ മാലിന്യങ്ങൾ തരംതിരിച്ച് കൈമാറുന്നതിലൂടെയും ലഭ്യമാകുന്ന തുക നിക്ഷേപിക്കുന്നതിന് കൺസോഷ്യം പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേരിൽ സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ-കുന്നിക്കോട് ശാഖയിൽ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. വീട്ടുകളിൽ നിന്ന് 50/- രൂപ നിരക്കിലും, വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100/- രൂപ നിരക്കിലും യൂസർഫീ ഈടാക്കുന്നു. നിക്ഷേപിക്കപ്പെടുന്നതിൽ 10% അക്കൗണ്ടിൽ നില നിർത്തിയശേഷമുള്ള തുക പ്രതിമാസം, ഓരോ അംഗത്തിനും കളക്ഷന്റെ അടിസ്ഥാനത്തിൽ അക്കൗണ്ട് വഴി വിതരണം നടത്തുന്നു. പ്രതിമാസം ഹരിത കർമ്മസേനാംഗങ്ങൾക്ക് വളരെ തുച്ഛമായ തുകയാണ് 2022-23 ൽ വേതനം ഇനത്തിൽ നൽകാൻ കഴിഞ്ഞിട്ടുള്ളത്.

ഹരിതകർമ്മസേനയുടെ പ്രവർത്തനം സൂക്ഷ്മതലത്തിൽ നിരീക്ഷിക്കുന്നതിലും കാര്യക്ഷമമായ ഇടപെടൽ നടത്തുന്നതിനും, പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതിനും ജനപ്രതിനിധികൾ, നോഡൽ ഓഫീസർ (അസി. സെക്രട്ടറി), നിർവ്വഹണ ഉദ്യോഗസ്ഥൻ (VEO), എന്നിവരടങ്ങുന്ന സമിതി പ്രവർത്തിക്കുന്നു. എന്നാൽ 2022-23 ൽ ഈ സമിതിയുടെ പ്രവർത്തനത്തിൽ ഗുരുതരമായ അനാസ്ഥയുണ്ടായിട്ടുള്ളതായി ഓഡിറ്റ് നിരീക്ഷിക്കുന്നു. 2022-23 ൽ ചട്ടലംഘനത്തിന് പിഴ ഒന്നും തന്നെ ഈടാക്കിയിട്ടില്ല.

സേനാംഗങ്ങൾക്ക് യൂണിഫോം, ഗ്ലൗസ്, തിരിച്ചറിയൽ കാർഡ്, വാഹന സൗകര്യങ്ങൾ എന്നിവ നൽകിയിട്ടുണ്ടെങ്കിലും എല്ലാ ഭവനങ്ങളിലും ക്യൂ.ആർ. കോഡ് പതിച്ച് യൂസർഫീ കളക്ട് ചെയ്യാൻ ഇനിയും കഴിയുന്നില്ല എന്നത് അപര്യാപ്തതയാണ്. വാർഡുകളിലൊന്നിലും മിനി എം.സി.എഫ് സ്ഥാപിച്ചിട്ടില്ല.

| ഹരിതകർമ്മസേന വരവ് – ചെലവ് റിപ്പോർട്ട് : 2022-23 | | | | |
|---|---|---|---|---|
| | | | | |
| മാസം | യൂസർ ഫീ | നൽകിയ വേതനം | ശേഖരിച്ച മാലിന്യത്തിന്റെ അളവ് (Kg) | കൈമാറിയ മാലിന്യത്തിന്റെ അളവ് (Kg) |
| ഏപ്രിൽ | 26,690/- | 24,021/- | 825 | 0 |
| മെയ് | 38,205/- | 34,384/- | 865 | 0 |
| ജൂൺ | 42,120/- | 37,908/- | 1320 | 0 |
| ജൂലൈ | 21,710/- | 19,539/- | 640 | 0 |
| ആഗസ്റ്റ് | 21,115/- | 19,003/- | 720 | 1362 |
| സെപ്റ്റംബർ | 0 | 0 | 0 | 1879 |
| ഒക്ടോബർ | 67,010/- | 60,309/- | 1250 | 0 |
| നവംബർ | 14,520/- | 13,068/- | 570 | 2178 |
| ഡിസംബർ | 35,775/- | 32,197/- | 835 | 0 |
| ജനുവരി | 21,380/- | 19,242/- | 620 | 0 |
| ഫെബ്രുവരി | 0 | 0 | 0 | 0 |
| മാർച്ച് | 32,380/- | 29,142/- | 827 | 3540 |

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ വിവിധ സേവനങ്ങൾ നൽകുന്നതിന് ഗ്രീൻകാർഡ് നിർബന്ധമാക്കുന്നത് പരിശോധിക്കാവുന്നതാണ്.

2.'ഹരിതമിത്രം' ആപ്പ് വഴി എല്ലാ ഭവനങ്ങളെയും സ്ഥാപനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്താൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3. ബെയിലിംഗ് മെഷീൻ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന എം.സി.എഫ്, മിനി എം.സി.എഫുകൾ എന്നിവ സജ്ജീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

4. കേരള പഞ്ചായത്തീരാജ് നിയമത്തിന്റെ സെക്ഷൻ – 219ൽ പരാമർശിക്കുന്ന നിയമ നടപടികൾ കർശനമായി നടപ്പിൽ വരുത്തുന്നുവെന്ന് ബന്ധപ്പെട്ട അധികാരികൾ ഉറപ്പുവരുത്തേണ്ടതാണ് .

5. MLP, LEGACY മാലിന്യങ്ങൾ എല്ലാ മാസവും നീക്കം ചെയ്യപ്പെടുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

6. പഞ്ചായത്ത് തലത്തിൽ പരാതി പരിഹാര സെൽ രൂപീകരിക്കാവുന്നതാണ്.

7. ജൈവമാലിന്യങ്ങൾ വളമാക്കി വിതരണം ചെയ്യാവുന്നവിധം ശാസ്ത്രീയ സംവിധാനങ്ങൾ ആവിഷ്കരിക്കാവുന്നതാണ്.
8. പ്ലാസ്റ്റിക് കത്തിക്കുന്നതിന്റെ ദോഷ ഫലങ്ങളെക്കുറിച്ചും, അവയുടെ വിനിയോഗം കുറയ്ക്കുന്നതിന്റേയും, അവ ശാസ്ത്രീയമായി പുനരുപയോഗത്തിലൂടെ നിർമ്മാർജനം ചെയ്യേണ്ടതിന്റെയും ആവശ്യകതയെപ്പറ്റിയും പൊതുജനാവബോധം വളർത്തുന്നതിന് ആവശ്യമായ നിരന്തര കർമ്മ പരിപാടികൾ കൂടി ഹരിത കർമ്മസേനാംഗങ്ങളുടെ പ്രവർത്തന കലണ്ടറിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാവുന്നതാണ്.

## 1-26 ഡെപ്പോസിറ്റ് പ്രവർത്തികൾക്കായി ചെലവഴിച്ച തുകകയ്ക്ക് പൂർണ്ണമായും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2022-23 ൽ പോസ്റ്റ് ഷിഫ്റ്റിംഗ് ഇനത്തിൽ കെ.എസ്.ഇ.ബിക്ക് പ്രോജക്ട് പ്രകാരം തൻവർഷം അനുവദിച്ച 2,34,259/- രൂപയിൽ 2,20,203/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയത്. ബിൽ നം. 309/09.02.23 പ്രകാരം ചെലവഴിച്ച 14,056/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ അവശേഷിക്കുന്നു. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത 14,056/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തിയ തുക – 14,056/- രൂപ

## 1-27 സപ്ലൈകോ പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ വാടക കണക്കാക്കിയതിൽ അവ്യക്തത

7-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്രീ. അബൂബക്കർ എന്ന വ്യക്തിയുടെ 447 നമ്പർ കെട്ടിടത്തിൽ സപ്ലൈകോ പ്രവർത്തിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടു. തുടർന്ന് ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശമനുസരിച്ച് എൽ.എസ്.ജി.ഡി. അസിസ്റ്റന്റ് എഞ്ചിനീയർ കണക്കാക്കിയ വാടക സ്റ്റേറ്റ്മെന്റ് പ്രകാരം (03.02.2022 ലെ എസ്.സി. 1-62224/2021) പ്രസ്തുത കെട്ടിടത്തിന് ആകെ ഉള്ള 215 M2 ഏരിയയിൽ ഉപയോഗയോഗ്യമായ 190$m^2$ സ്ഥലത്തിന് ആകെ 19,967/- രൂപ വാടക കണക്കാക്കി. എന്നാൽ സഞ്ചയ സോഫ്റ്റ്വെയറിലെ രേഖപ്പെടുത്തൽ പ്രകാരം പ്രസ്തുത കെട്ടിടത്തിന് ആകെ 90$m^2$ വിസ്തൃതി മാത്രമാണുള്ളത്. കെട്ടിടത്തിന്റെ യഥാർത്ഥ സ്ഥലവിസ്തീർണ്ണം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/31.10.23) മറുപടി ലഭ്യമാക്കിയില്ല. കെട്ടിടത്തിന്റെ സ്ഥലവിസ്തീർണ്ണം പുനപരിശോധിച്ച് യഥാർത്ഥ നിരക്കിൽ വസ്തുനികുതി, വാടക എന്നിവ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-28 ഗ്രാന്റ് തുക ഇനത്തിൽ റീഫണ്ട് വന്ന 1,98,500/- രൂപ തനത് ഫണ്ടിലേക്ക് വകയിരുത്തി

2020-21 വിവിധ ഗ്രാന്റുകളിൽ നിന്നും നിക്ഷേപ പ്രവൃത്തികളുടെ ഭാഗമായി മുൻകൂർ നൽകിയ തുകയിൽ 2022-23 ൽ ചെലവഴിക്കാതെ തിരികെ വന്ന 1,98,500/- രൂപ സർക്കാരിലേക്ക് ഒടുക്കാതെ തനത് വരുമാനമായി വകയിരുത്തി. വിശദാംശം ചുവടെ.

| | | |
|---|---|---|
| പ്രോജക്ട് നം. | 433/2020-21<br>കേരള വാട്ടർ അതോറിറ്റി- 19-ാം വാർഡിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി - | |
| നിർവ്വഹണ ഏജൻസി | കേരള വാട്ടർ അതോറിറ്റി | |
| പദ്ധതി അടങ്കൽ | 2,50,000 | ധനകാര്യകമ്മീഷൻ അവാർഡ് |
| പദ്ധതി ചെലവ് | 1,98,500 | ധനകാര്യകമ്മീഷൻ അവാർഡ്<br>BRN 20040452012201052319<br>തീ. 08/02/2021 |
| തിരികെ ലഭിച്ച തുക | 1,98,500 | |
| രസീത് നമ്പർ | Cheque No : 927482, Dt. 30-05-2022 | |

ധനകാര്യകമ്മീഷൻ അവാർഡ് ടൈഡ് ഗ്രാന്റ് ഇനത്തിൽ ട്രഷറിയിൽ നിന്നും പിൻവലിച്ച് കേരള വാട്ടർ അതോറിറ്റിയിൽ മേൽ പദ്ധതിക്കായി നിക്ഷേപിച്ച 1,98,500/- രൂപ തിരികെ വന്നത് ബാദ്ധ്യതയായി വരവ് സ്വീകരിച്ച് സർക്കാരിലേക്ക് തിരികെ ഒടുക്കാതെ ആവണീശ്വരം സഹകരണ ബാങ്കിൽ തനത് ഫണ്ട് അക്കൗണ്ടിൽ നിലനിർത്തിയിരിക്കുന്നു.

ഓഡിറ്റ് എൻക്വയറി – 10/2022-23

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 26-10-2023, 27-10-2023 | കെ.എസ്.എ.കെ.എൽ.എം.പി.9/1887/2023, 21.11.2023 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 5,64,000 | ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് -193/2023 | 5,64,000 | 0 |
| | | 1,00,000 | ലൈഫ് (SCP) -57/23 | 1,00,000 | 0 |
| | | 60,000 | ലൈഫ് (SCP) -187/23 | 60,000 | |
| | | 6,20,000 | ലൈഫ് ജനറൽ -55/23 | 6,20,000 | |
| | | 1,03,641 | പാലിന് സബ്സിഡി(ജനറൽ) പ്രോജക്ട് നമ്പർ -95/23 | 1,03,641 | 0 |
| | | 86,814 | അനുപൂരക പോഷകാഹാര പരിപാടി-ജനറൽ 05/23 | 86,814 | 0 |
| | | 15,34,455 | ആകെ | 15,34,455 | 0 |
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,00,640 | ഭിന്ന ശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് -193/2023 | 1,00,640/- | 0 |
| | | 3,00,000 | ലൈഫ് ജനറൽ -55/23 | 3,00,000 | 0 |
| | | 9,20,000 | ലൈഫ് ജനറൽ -184/23 | 9,20,000 | |
| | | 13,20,640 | ആകെ | 13,20,640 | |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ | മുൻകൂർ നൽകിയ തുക (രൂപ) |
|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ്-207/22 | 243/04.01.23 | 8,322/- |
| | | 172/16.11.22 | 75,049/- |
| | | 245/05.01.23 | 35,382/- |
| | | 309/09.02.23 | 14,056/- |
| | | 311/16.02.023 | 50,060/- |
| | | 114/13.09.22 | 51,390/- |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

### 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവും ചെലവും ഇല്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | - | - | 2,29,04,117/- | 27,72,328/- | | 2,01,31,789/- |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1,000 |

വാർഷികധനകാര്യപത്രിക പ്രകാരം സ്ഥിര നിക്ഷേപം ഇനത്തിൽ 1,000/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ആയതിന്റെ വിശദവിവരം ലഭ്യമല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷംലഭിച്ച 1,11,508/- രൂപയുടെ വിശദാംശം താഴെകൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|
| 2021-22 | 1-20 (സി) | 1,11,508/- | മെഡിക്കൽ ഓഫീസർ എഫ്.എച്ച്,സി, വിളക്കുടി | 12200000602/ 31.03.23 |
| | | 1,11,508 | | |

മേൽ വരവ് 180400199 ശീർഷകത്തിലാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3-11-5 | കൺവീനർമാർക്ക് നൽകിയ മുൻകൂർ ക്രമപ്പെടുത്തിയില്ല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 18,00,901/- | ശ്രീ. അരുൺ സേവ്യർ, അസിസ്റ്റന്റ് എഞ്ചിനീയർ (മരാമത്ത്) |
| 1-26 | 14,056/- | ശ്രീ. ശിവപ്രസാദ്. എസ്, സെക്രട്ടറി |

(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. അരുൺ സേവ്യർ | അസിസ്റ്റന്റ് എഞ്ചിനീയർ (മരാമത്ത്)<br>കോഴഞ്ചേരി ഗ്രാമപഞ്ചായത്ത് | വേളാങ്കണ്ണി മാത<br>ഹൌസ് നമ്പർ-53, കൊല്ലം |
| ശ്രീ. ശിവപ്രസാദ്. എസ്, സെക്രട്ടറി | സെക്രട്ടറി<br>വിളക്കുടി ഗ്രാമപഞ്ചായത്ത് | കുന്നത്ത് വിള വീട്,<br>ചേരീക്കോണം,കണ്ണനല്ലൂർ,കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(3) തീയതി-28.04.18 | 6 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(4) തീയതി-28.04.18 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(6) തീയതി-28.04.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(7) തീയതി-28.04.18 | 4 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(8) തീയതി-28.04.18 | 6 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(9) തീയതി-28.04.18 | 5 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(10) തീയതി-28.04.18 | 12 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 1 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019) തീയതി-31.5.19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 4 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019(10) തീയതി-31.5.19 | 4 |
| 2011-12<br>2012-13 | കെ.എസ്.എ.കെ.എൽ.എം.പി9/അദാലത്ത്/11-12&12-13 /1524/22<br>തീയതി – 19.08.2022 | 16 |
| 2013-14<br>2014-15 | കെ.എസ്.എ.കെ.എൽ.എം.പി9/1524/അദാലത്ത് /13-14&14-15/22<br>തീയതി – 19.08.2022 | 19 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി9/1558/അദാലത്ത്/15-16/22, തീയതി – 19.08.2022 | 13 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി9/1768/22 / 08.02.2022 | 32 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി9/1112/21(2) / 03.11.2021 | 17 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി9/1788/2021(5) / 20.12.2022 | 25 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി9/1248/21 / 27.4.22 | 43 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം.പി9/1249/21 / 5.7.22 | 56 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം.പി9/1821A/2022 / 21.3.23 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 24-07-2023 and submitted on 27-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Vilakkudy Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Vilakkudy Grama Panchayat for the year 2022-2023

Date: 21/11/2023

Deputy Director
District Office Kollam
Kerala State Audit Department

**Audit Report appended to the Audit Certificate of Vilakkudy Grama Panchayat for the Year 2022-2023.**

**1.Major Observations**

An Amount of Rs 1,98,500/- refunded from cfc grant payments accounted as own fund

**2.Other Observations**

1. The following mandatory financial statements prescribed
in accounting rules are not submitted for audit
Ratios, notes on accounts
2. Net increase/decrease in cashflow does not match with the difference
between the opening balance and closing balance of cash and cash equivalents.
3. An Amount of Rs 1974815 /- spent from various grant heads has not been deducted
from corresponding liability head
4. Details of Grant liability amount of Rs. 4136478 shown as liability in B4 Schedule not available
5. Reconciliation for 31/03/2023 prepared erroneously
6. A difference of 67730/- in Canara Bank passbook balance
7. Deposit Register and life loan register has not been updated
8. An amount of Rs.240000/- paid from beneficiary contibution has not been debited fom the account head
9. Bills not paid has not been cancelled in appropriation control register

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്